"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിൽ സ്ഥാനക്കയറ്റ/സ്ഥലം മാറ്റ നിയമനങ്ങൾ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഡി) വകുപ്പ്**

സ.ഉ. (സാധാ) നം.368/2021/മ.തു.വ. തീയതി, തിരുവനന്തപുരം, 01/08/2021.

---

പരാമർശം:- 1) 03.02.2021 ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.7/2021/മതുവ നമ്പർ ഉത്തരവ്.
2) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 03.05.2021 ലെ ബി2/193/2021/സി.ഇ.നമ്പർ കത്ത്.

**ഉത്തരവ്**

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ പരാമർശം (2) ലെ ശുപാർശ പരിഗണിച്ച് വകുപ്പിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിൽ താഴെ പറയുന്ന സ്ഥാനക്കയറ്റ/സ്ഥലംമാറ്റ നിയമനങ്ങൾ അടിയന്തര പ്രാബല്യത്തോടെ നടപ്പിലാക്കി ഉത്തരവാകുന്നു.

1) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മദ്ധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീ.ഷാന്റി ജോസഫിനെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ശ്രീ.ജോമോൻ കെ. ജോർജ്ജിന് ചീഫ് എഞ്ചിനീയർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുന്നതുവഴി ഉണ്ടായ ഒഴിവിൽ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ തസ്തികയിൽ സ്ഥലം മാറ്റി നിയമിക്കുന്നു.

2) എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽ ഏറ്റവും സീനിയറായ എറണാകുളം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.വിജി. കെ. തട്ടാമ്പുറത്തിനെ 112800-163400/-ശമ്പള സ്കെയിലിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിൽ മദ്ധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ശ്രീ.പി.ഷാന്റി ജോസഫിനെ സ്ഥലംമാറ്റുന്ന ഒഴിവിൽ നിയമിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമേഷ്.റ്റി,**

**അഡീഷണൽ സെക്രട്ടറി**

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ